**കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**

രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485

വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്

തിരുവനന്തപുരം -1

പ്രസിഡന്റ് — ജനറൽ സെക്രട്ടറി

കെ.പി.ധനപാലൻ Ex.MP — സിബിക്കുട്ടി ഫ്രാൻസിസ്

തിരുവനന്തപുരം

20.11.2014

നമ്പർ. 7/2014

# സർക്കുലർ

സുഹൃത്തേ,

കോൺഫെഡറേഷന്റെ കേന്ദ്രക്കിമ്മിറ്റി ഓഫീസിന്റെ മുകളിലത്തെ നിലയിലുള്ള കോൺഫറൻസ് ഹാളിന് എം.എസ്.റാവുത്തർ മെമ്മോറിയൽ കോൺഫറൻസ് ഹാൾ എന്ന നാമകാരണവും ഹാളിൽ എം.എസ്.റാവുത്തറുടെ ഛായാചിത്രം അനാഛാദന കർമ്മവും നവംബർ 6 വ്യാഴാഴ്ച രാവിലെ 11 ന് ബഹു.വൈദ്യുതി മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് നിർവ്വഹിച്ചു. പാവപ്പെട്ടവർക്ക് റാവുത്തറുടെ പേരിൽ സൗജന്യ വൈദ്യുതി കണക്ഷൻ നൽകിയ കോൺഫെഡറേഷൻ പ്രവർത്തകരെ മന്ത്രി അഭിനന്ദിച്ചു. മെമ്പർമാരുടെ ഫോട്ടോയുൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുള്ള ഏക ട്രേഡ് യൂണിനാണ് കോൺഫെഡറേഷനെന്ന് മന്ത്രി പറഞ്ഞു. RGGVY പദ്ധതി പ്രകാരം പാവപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള സമയം നവംബർ 30 വരെ നീട്ടിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഈ പദ്ധതി വിജയിപ്പിക്കാൻ എല്ലാ കോൺഫെഡറേഷൻ പ്രവർത്തകരും സഹരിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു. പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തിരുവനന്തപുരം ഡിസിസി പ്രസിഡന്റ് കെമോഹൻകുമാർ പങ്കെടുത്തു. അനാഛാദന ചടങ്ങിനുശേഷം 12 മണിയോടെ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് കൗൺസിൽ ചേർന്നു. ജനറൽ സെക്രട്ടറി മിനിറ്റ്സും റിപ്പോർട്ടും അവതരിപ്പിച്ചു. ഭാരവാഹികളായ വി.ഗോപകുമാർ, സി.വി.രാധാകൃഷ്ണൻ, എം.വി.മനോജ്, കെ.സി.രാജൻ, സഹദേവൻ, കൊട്ടാരക്കര സണ്ണി, എ.രവീന്ദ്രൻ, നുസുറ, മഹേഷ്, അശോകൻ, ജംഹർ, സുധീർ കുമാർ, ഷൺമുഖൻ, സി.പി പത്മനാഭൻ നമ്പ്യാർ, ജോസ്, സുരേഷ്, സജി ജോർജ്, ബിനോയ്, പത്മകുമാർ, അശ്വനീകുമാർ, നെയ്യാറ്റിൻകര പ്രതീപ്, ദാമോദരൻ, പൗലോസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. 113 പേർ സ്റ്റേറ്റ് കൗൺസിലിൽ പങ്കെടുത്തു.

**1. ജനപക്ഷയാത്ര**

കെ.പി.സി.സി പ്രസിഡന്റ് നയിക്കുന്ന ജനപക്ഷയാത്രയിൽ എല്ലാ ഡിവിഷൻ കമ്മിറ്റികളും പങ്കെടുക്കണമെന്നും കോൺഫെഡറേഷന്റെ സാന്നിദ്ധ്യം എല്ലാ യോഗങ്ങളിലും ഉണ്ടായിരിക്കണമെന്നും കൗൺസിൽ തീരുമാനിച്ചു.

**2.മോഡൽ സെക്ഷൻ**

ചർച്ചയിൽ പ്രധാനമായും റൂറൽ/സെമി അർബൻ മേഖലകളിൽ മോഡൽ സെക്ഷൻ നിർത്തലാക്ക ണമെന്ന് എല്ലാവരും ആവശ്യപ്പെട്ടു. മോഡൽ സെക്ഷനെതിരെ സമര പരിപാടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു. ഇതു സംബന്ധിച്ച് ഉന്നതതലത്തിൽ ചർച്ച നടത്തിയതിനുശേഷം തീരുമാനമെടുക്കേണ്ടതാണെന്ന് കൗൺസിൽ തീരുമാനിച്ചു.

**3. വിദ്യുത് തരംഗം**

ദീഘകാലമായി മുടങ്ങിക്കിടക്കുന്ന വിദ്യുത് തരംഗത്തിന്റെ പ്രവർത്തനം ഊർജിതമാ ക്കുന്നതിനായി ഒരു കമ്മിറ്റിയെ തിരഞ്ഞെടുത്തു. സിബിക്കുട്ടി ഫ്രാൻസിസ്, വി.ഗോപകുമാർ, എം.വി.മനോജ്, സഹദേവൻ, കൊട്ടാരക്കര സണ്ണി, എ.രവീന്ദ്രൻ, എ.ഷാജി, നെയ്യാറ്റിൻകര പ്രതീപ്, ആർ.അജിത്കുമാർ, നുസുറ, മനു എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയാണ് പ്രവർത്തിക്കുക. സിബിക്കുട്ടി ഫ്രാൻസിസിന്റെയും എം.വി.മനോജിന്റെയും പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തരംഗത്തിന്റെ ആവശ്യത്തിനുവേണ്ടി തുടങ്ങുവാൻ തീരുമാനിച്ചു. പുതിയ കമ്മിറ്റി ഉടനെ കൂടുവാനും ജനൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഡിസംബർ 15 നകം പുറത്തിറക്കാനും തീരുമാനിച്ചു.

എല്ലാ ഡിവിഷൻ കമ്മിറ്റികളും തരംഗത്തിനുവേണ്ടി സമാഹരിച്ചിട്ടുള്ള തുക പുതിയ അക്കൗണ്ടിൽ നിക്ഷേപിക്കണം. വരിക്കാരുടെ മേൽവിലാസങ്ങളടങ്ങിയ ലിസ്റ്റ് നവംബർ 30 നകം കേന്ദ്രക്കമ്മിറ്റി ആഫീസിൽ എത്തിക്കണം. വിദ്യുത് തരംഗം തപാലിൽ ലഭിക്കണമെന്ന് എല്ലാവരും ആവശ്യപ്പെട്ടു. പുതിയ അക്കൗണ്ട് നമ്പറും ബാങ്കിന്റെ പേരും മെസ്സേജ് വഴി ഭാരവാഹികളെ അറിയിക്കുന്നതാണ്.

**യൂണിറ്റ് മീറ്റിംഗ്**

റഫറണ്ടത്തിന്റെ മുന്നോടിയായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടനയുടെ എല്ലാ ഡിവിഷൻ കമ്മിറ്റികളും നവംബർ 30 നകം യൂണിറ്റ് യോഗങ്ങൾ നടത്തണമെന്ന് കൗൺസിൽ നിർദ്ദേശിച്ചു.

**Member Details Form**

Member Details Form ഇനിയും എത്തിക്കുവാനുള്ള ഡിവിഷൻ കമ്മിറ്റികൾ നവംബർ 20 നകം എത്തിക്കണമെന്ന് തീരുമാനിച്ചു. റഫറണ്ടത്തോടനുബന്ധിച്ചുള്ള ലയന ചർച്ചകൾ, മുമ്പ് എം.എസ്.റാവുത്തർ സ്വീകരിച്ചിരുന്ന നിലപാടുകളിൽ ഉറച്ചുനിന്നുകൊണ്ടുമാത്രം മതിയെന്ന് യോഗം ഐക്യകണ്ഠേന തീരുമാനിച്ചു. യോജിപ്പ് അതത് ജില്ലകളിൽ നടത്തണം. കരിയർ സ്റ്റാഗ്നേഷൻ ഒഴിവാക്കുന്നതിന് സംഘടനാ നേതൃത്വം കൂടുതൽ ഇടപെടലുകൾ നടത്താൻ കൗൺസിൽ നിർദ്ദേശിച്ചു.

**റഫറണ്ടം**

റഫറണ്ടം ഫെബ്രുവരി മാസത്തോടെയെങ്കിലും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും തീരുമാനിച്ചു.

**വൈദ്യുതി ഭവൻ മാർച്ച്**

സംഘടനയുടെ കരുത്ത് തെളിയിച്ച വൈദ്യുതിഭവൻ മാർച്ച് സംഘടനയ്ക്ക് പുതിയ ഉണർവ് നൽകിയെന്നും സ്റ്റേറ്റ് കൗൺസിൽ അഭിപ്രായപ്പെട്ടു.

**എം.എസ്.റാവുത്തർ അനുസ്മരണം**

എല്ലാ ജില്ലകളിലും നടത്തിയതിന്റെ അവലോകനം ജില്ലാ സെക്രട്ടറിമാർ അവതരിപ്പിച്ചു. എല്ലാ ജില്ലകളിലും നേതാക്കളുടെയും തൊഴിലാളികളുടെയും സാന്നിദ്ധ്യമുണ്ടായിരുന്നുയെന്നുള്ളത് സംഘടനാ ശക്തി വീണ്ടും ഉറപ്പിച്ചിരിക്കുകയാണ്. വിവിധ ഡിവിഷനുകളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കോൺഫെഡറേഷന്റെ ചിലവിൽ വൈദ്യുതി കണക്ഷൻ വീട്, വീൽചെയർ തുടങ്ങിയവ നൽകി. രക്തദാന ക്യാമ്പും നടത്തി.

**വരവ് ചിലവ് കണക്ക്**

മുൻ നാളുകളിലെ വരവ് ചിലവ് കണക്കുകൾ ജനറൽ സെക്രട്ടറി അവതരിപ്പിച്ച് അംഗീകാരം നേടി.

13.6.2014 ൽ നടന്ന സ്റ്റേറ്റ് കൗൺസിലിന്റെ തീരുമാന പ്രകാരം ഓരോ ജില്ലകളിൽ നിന്നും ഓരോ വനിതകളെ സ്റ്റേറ്റ് കൗൺസിലിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിരുന്നു. ആയതിനാൽ ജില്ലാ കമ്മിറ്റികളുടെ നിർദ്ദേശ പ്രകാരം താഴെപ്പറയുന്നവരെ സ്റ്റേറ്റ് കൗൺസിലിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രമുള മോറീസ്, യമുന, ഉഷ ജി.കെ, ഷീല ജേക്കബ്, ജയശ്രീ, വിൻസി, മേരി, ഷൈനി, ജ്യോതിശ്രീ, പ്രതിഭ, പുഷ്പ, കല്ല്യാണി, രമണി, ഷീബാ തമ്പി.

**പ്രവർത്തന ക്യാമ്പ്**

തൊഴിലാളികളുടെ സർവ്വീസ് സംബന്ധമായ വിഷയങ്ങളും സംഘടനാ കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള ഒരു നേതൃത്വ പരിശീലന ക്യാമ്പ് നടത്തണമെന്ന് സ്റ്റേറ്റ് കൗൺസിലിൽ നിർദ്ദേശം വന്നു.

**സംസ്ഥാന സമ്മേളനം**

റഫറണ്ടം നടത്തുന്നതിനുശേഷമുള്ള തൊട്ടടുത്ത മാസം സംസ്ഥാന സമ്മേളനം നടത്തുവാൻ കൗൺസിലിൽ തീരുമാനമായി. ഷാഹുൽ ഹമീദ് നന്ദി രേഖപ്പെടുത്തി. യോഗം 6.30 ന് അവസാനിച്ചു.

**പേ റിവിഷൻ കമ്മിറ്റി**

സമയക്കുറവുക്കൊണ്ട് പേ റിവിഷൻ കമ്മിറ്റി കൂടുവാൻ സാധിച്ചില്ല. തീയതി പിന്നീട് അറിയിക്കുന്നതാണ്.

**ഇന്ത്യൻ നാഷണൽ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ**

ഇന്ത്യൻ നാഷണൽ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ വർക്കിംഗ് കമ്മിറ്റി ഈ മാസം 17,18 തീയതികളിൽ ഹൈദരബാദിൽ വച്ച് നടന്നു. അഖിലേന്ത്യാ പ്രസിഡന്റ് ഡോ.ജി.സഞ്ജീവ റെഡ്ഢിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കോൺഫെഡറേഷനെ പ്രതിനിധീകരിച്ച് സിബിക്കുട്ടി ഫ്രാൻസിസ്, എം.വി.മനോജ്, കെ.സി.രാജൻ എന്നിവർ പങ്കെടുത്തു. വർക്കിംഗ് കമ്മിറ്റിയിൽ കോൺഫെഡറേഷന്റെ റിപ്പോർട്ട് ജനറൽ സെക്രട്ടറി അവതരിപ്പിച്ചു. കോൺഫെഡറേഷന്റെ ഫോട്ടോയുള്ള മെമ്പർഷിപ്പ് ഫോർമാറ്റ് എല്ലാ സംസ്ഥാന പ്രതിനിധകളും കൈയ്യടിയോടെ അംഗീകരിച്ചു.

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി

NB: RGGVY പദ്ധതി പ്രകാരം BPL കുടുംബങ്ങൾക്കും 1000 Sq.ft വരെയുള്ള APL കുടുംബങ്ങൾക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുവാൻ ബോർഡ് ഉത്തരവായി . അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ 30. പൊതുജനങ്ങളെ ഈ വിവരം അറിയിക്കുവാനുള്ള ഉത്തരവാദിത്തം കോൺഫെഡറേഷൻ പ്രവർത്തകർ ഏറ്റെടുക്കണം. ഇതു സംബന്ധിച്ച ഉത്തരവ് യൂണിയന്റെ വെബ് സൈറ്റിലുണ്ട്.